**പതിനാലാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

**2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]**

2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

687/2019.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2019-2021)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന (എക്കോളജിയും എൻവയോൺമെന്റും), ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന (മലിനീകരണ നിയന്ത്രണ ബോർഡ്), വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 24 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 25-6-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2019 ജൂൺ 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 ജൂൺ 25.

# റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2016-2018)-ന്റെ 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

## ധനാഭ്യർത്ഥന നമ്പർ —XXXIV

## വനം വകുപ്പ്

### ശിപാർശ

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന ആക്രമണവും കൃഷിനാശവും വനാതിർത്തികളിൽ അനുഭവപ്പെടുന്ന ഒരു പ്രധാന പ്രശ്നമായതിനാൽ മനുഷ്യ-മൃഗ സംഘർഷങ്ങളുടെ അടിസ്ഥാന കാരണങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട്, ജനവാസ മേഖലയിലേയ്ക്കും കൃഷിഭൂമിയിലേയ്ക്കും വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് വനാതിർത്തികളിൽ ആനക്കിടങ്ങുകൾ, ഭിത്തികൾ, സൗരോർജ്ജ വേലികൾ തുടങ്ങിയ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും മൃഗങ്ങളുടെ ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിനുമായുള്ള ദീർഘകാല പദ്ധതികളാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. എന്നാൽ നടപ്പുവർഷം കേന്ദ്ര പദ്ധതി വിഹിതത്തിലും സംസ്ഥാന പദ്ധതി വിഹിതത്തിലും ഗണ്യമായ കുറവ് വന്നിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 2000 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്.

687/2019.

2018-19-ൽ നടപ്പാക്കിയ 20% Plan cut മൂലം ബഡ്ജറ്റ് വിഹിതം 1530.20 ലക്ഷം രൂപയായി ചുരുങ്ങിയെങ്കിലും ഈ തുകയിൽ നിന്നും 2018-19 സാമ്പത്തികവർഷം 1405.254 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ആയതിനാൽ ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ തൻവർഷം അധികതുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-68—ജൈവവൈവിദ്ധ്യ സംരക്ഷണം

ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, കാട്ടുതീ പ്രതിരോധിക്കുന്നതിന് പദ്ധതികൾ, അനധികൃത കയ്യേറ്റത്തിനെതിരെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, വന്യജീവി വാരാഘോഷ പ്രവർത്തനങ്ങൾ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പിക്കുന്നത് തടയൽ, കണ്ടൽക്കാടുകളുടെയും കാവുകളുടെയും ചതുപ്പ് പ്രദേശങ്ങളുടെയും സംരക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽ പദ്ധതിക്കായി നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2406-02-110-68—ജൈവവൈവിദ്ധ്യ സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 700 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്.

2018-19-ൽ നടപ്പിലാക്കിയ 20% Plan cut മൂലം ബഡ്ജറ്റ് വിഹിതം 568 ലക്ഷം രൂപയായി ചുരുങ്ങിയെങ്കിലും ഈ തുകയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 557.565 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ആയതിനാൽ ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധികതുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-56—പരിസ്ഥിതി വികസന പരിപാടി

വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ബദൽ സംവിധാനങ്ങൾക്ക് സഹായം നൽകുക, ഖരമാലിന്യ സംസ്കരണവും ജൈവകൃഷി രീതികളും പ്രോത്സാഹിപ്പിക്കുക, കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക, പട്ടികവർഗ്ഗ ഊരുകളിലെ നിവാസികൾക്ക് ഉപജീവനത്തിന് ഒരു ബദൽ സംവിധാനം എന്ന രീതിയിൽ കൈത്തറി പോലുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി പരിപാടികൾ ലക്ഷ്യമിടുന്നതും 17 ശതമാനം വനിതകൾ ഗുണഭോക്താക്കളായിട്ടുള്ളതുമായ ഈ പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2406-02-110-56—പരിസ്ഥിതി വികസന പരിപാടി എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 350 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്.

2018-19-ൽ നടപ്പിലാക്കിയ 20% Plan cut മൂലം ബഡ്ജറ്റ് വിഹിതം 294 ലക്ഷം രൂപയായി ചുരുങ്ങിയെങ്കിലും ഈ തുകയിൽ നിന്നും 2018-19 സാമ്പത്തികവർഷം 277.506 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ആയതിനാൽ ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ തൻവർഷം അധികതുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-101-99 (01)—വന സംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)

വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനം, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ, വനവൽക്കരണ ജോലികളിൽ യന്ത്രവൽക്കരണം, വനാതിർത്തികളുടെ സർവ്വേയും അതിർത്തി തിരിക്കലും മുതലായ പ്രവർത്തനങ്ങളാണ് മൂലധനവിഹിതം ഉപയോഗിച്ച് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികളെന്ന് സമിതി മനസ്സിലാക്കുന്നു. 2018-19 മുതൽ വകുപ്പിന്റെ എല്ലാ പ്രവൃത്തികളും കരാർ സമ്പ്രദായത്തിലേയ്ക്ക് പൂർണ്ണമായും

മാറുന്നതും ദിവസവേതന തൊഴിലാളികളുടെ വേതന വർദ്ധനവും ചെലവ് വർദ്ധിപ്പിക്കുമെന്നതിനാൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 871 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

4406-01-101-99(01) വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2018-19 സാമ്പത്തികവർഷം 2800 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്.

2018-19-ൽ നടപ്പിലാക്കിയ 20% Plan cut മൂലം ബഡ്ജറ്റ് വിഹിതം 1953 ലക്ഷം രൂപയായി ചുരുങ്ങിയെങ്കിലും ഈ തുകയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 1784.233 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ തൻവർഷം അധികതുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-105-99—<u>സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്</u>

തേക്ക്, അൽബീസിയ, യൂക്കാലി തുടങ്ങിയ തോട്ടങ്ങളിലെ പ്രായമെത്തിയ തടികൾ മുറിച്ച് ശേഖരിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2406-01-105-99—സർക്കാർ ഏജൻസിവഴി വനങ്ങളിൽനിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിന് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 2500 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരിക്കുന്നത്.

ഈ തുകയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 1983.1 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ തൻവർഷം അധികതുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം തീയതി 5-4-2018 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ

വന്യമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെയും കന്നുകാലികളുടെയും ജീവനും വിളകൾക്ക് നാശനഷ്ടവും സംഭവിക്കുന്നത് വനാതിർത്തികളിലെ ജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന വൻവിപത്തായി മാറുന്നുവെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത വർദ്ധിച്ചുവരികയാണെന്നും സമിതി അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് വർദ്ധിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിനും വിളകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനുമായി നടപ്പുവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1610 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2018-19 സാമ്പത്തികവർഷം 390 ലക്ഷം രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്.

ഈ തുകയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 379.374 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിരുന്നുള്ളു. ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ തൻവർഷം അധികതുക വകയിരുത്തിയിട്ടില്ല

<u>ശിപാർശ</u>

2406-02-110-59-31—<u>സഹായധനം-ശമ്പളം (നോൺ പ്ലാൻ)</u>

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ ജീവനക്കാരുടെ ശമ്പളത്തിനും ശമ്പള പരിഷ്കരണ കടിശ്ശികയും അലവൻസുകൾ നൽകുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ</u>

2406-02-110-59-36—<u>സഹായധനം-ശമ്പളേതരം (നോൺ പ്ലാൻ)</u>

ബോർഡിന്റെ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8 & 9)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് 2018-19-ലെ ബഡ്ജറ്റ് വിഹിതമായി നോൺ പ്ലാൻ ശമ്പളയിനത്തിൽ 83.28 ലക്ഷം രൂപയും ശമ്പളേതരയിനത്തിൽ 14.85 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ശമ്പളയിനത്തിൽ ഇപ്പോൾ 63.81 ലക്ഷവും ശമ്പളേതരയിനത്തിൽ 10.05 ലക്ഷം രൂപയും ബഡ്ജറ്റ് വിഹിതമായി ബാക്കിയുണ്ടെന്നും നിലവിലെ സാഹചര്യത്തിൽ ടി തുക പര്യാപ്തമാണെന്ന് കാണുന്നതായും അധിക ചെലവ് ഉണ്ടാകുമെന്ന് കാണുകയാണെങ്കിൽ ഈ വർഷത്തെ അവസാനത്തെ ഉപധനാഭ്യർത്ഥന സമയത്ത് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ —XVII

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

### ശിപാർശ

3435-03-102-87—കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ യോഗങ്ങൾ നടത്തുന്നതിനും വിദഗ്ധർക്കുള്ള സിറ്റിംഗ് ഫീസ്, ഫീൽഡ് പരിശോധനാ ചാർജുകൾ എന്നിവയുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

### സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കുമ്പോൾ പരിഗണിക്കുന്നതാണെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ—XLII

## വിനോദസഞ്ചാരം

### ശിപാർശ

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

കേരളത്തിലെത്തുന്ന 'വിനോദസഞ്ചാരികൾക്ക്' അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിനായി, വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോടൊപ്പം അവ മികച്ച രീതിയിൽ പരിപാലിക്കുന്നതിനും വിഭാവനം ചെയ്യുന്ന ഈ പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

പൗരാണികമൂല്യമുള്ള അതിഥി മന്ദിരങ്ങളുടെ നിലനിൽപ്പും പരിപാലനവും അതോടൊപ്പം പുതുതായി നിർമ്മിക്കുന്ന ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയാക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കും സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഈ നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-80-104-98-34—ടൂറിസം വിപണനവും പ്രോത്സാഹനവും-മറ്റ് ചെലവുകൾ

2017-ലെ കേരള വിനോദസഞ്ചാര നയം ഉൾക്കൊണ്ടുകൊണ്ട് വിവിധ വിദേശ രാജ്യങ്ങളിലെ വിപണി ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും കേരള ടൂറിസം പ്രചരണം ശക്തിപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-80-800-78—കിറ്റ്സ്, എഫ്.സി.ഐ., എസ്.ഐ.എച്ച്.എം. എന്നീ സ്ഥാപനങ്ങളിലൂടെ ടൂറിസത്തിന് വേണ്ടിയുള്ള മാനുഷിക വിഭവശേഷി വികസനം

02—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.)

03—ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.)

വിനോദസഞ്ചാര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നിരവധി കോഴ്സുകൾ നടത്തുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ കോഴിക്കോട് പണി കഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനും കോട്ടയത്ത് പുതിയ കെട്ടിടം പണിയുന്നതിനും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി കോഴിക്കോട് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 995 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-80-800-90(26)-33—സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡികൾ

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവ്വേദ ഹോം സ്റ്റേ സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, ടൂറിസം രംഗത്ത് ഇൻവെസ്റ്റേഴ്സിനെ പ്രൊമോട്ട് ചെയ്യുന്നതിനായി യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡികൾ എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 3800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-01-103-99-04-1—ഗതാഗതം-യാത്രാചെലവുകൾ-യാത്രാബത്ത

ആലുവ ഗസ്റ്റ് ഹൗസിലെ ഷോഫർമാരുടെ മുൻകാലങ്ങളിലെ യാത്രാബത്ത കുടിശ്ശിക നൽകുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-01-103-99-05-4—ഗതാഗതം-ഓഫീസ് ചെലവ്-മറ്റിനങ്ങൾ

ടൂറിസം വകുപ്പിനുകീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ആവശ്യപ്പെട്ട തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-01-103-99-21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ടൂറിസം വകുപ്പിനുകീഴിലുള്ള 141 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പു വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 22.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം ഈ ഇനത്തിൽ അധികമായി തുകകൾ അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-01-103-99-45—പി.ഒ.എൽ.

ടൂറിസം വകുപ്പിനുകീഴിലുള്ള 141 വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 57.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ 21 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

3452-80-001-99-02—ഭരണവും നടത്തിപ്പും-വേതനം

പാർട്ട് ടൈം കണ്ടിൻജന്റ് ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ അധികമായി ശിപാർശ ചെയ്ത പ്രകാരം തുക അനുവദിച്ചിരുന്നില്ല.

ശിപാർശ

3452-80-001-96-04-1—ജില്ലാആഫീസുകൾ-യാത്രാചെലവുകൾ-യാത്രാബത്ത

11 ജില്ലാ ആഫീസുകളിലെ യാത്രാബത്തയ്ക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,25,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

3452-80-001-96-05-3—ജില്ലാ ആഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

11 ജില്ലാ ആഫീസുകളിലെ ടെലഫോൺ ചാർജ്ജിനത്തിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 70,000 രൂപ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം ഈ ഇനത്തിൽ അധികമായി തുകകൾ അനുവദിച്ചിരുന്നില്ല

ശിപാർശ

3452-80-001-95-24—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-സാധനസാമഗ്രികൾ

ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളിലും യാത്രീനിവാസുകളിലും സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകകൊള്ളിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം ഈ ഇനത്തിൽ അധികമായി തുകകൾ അനുവദിച്ചിരുന്നില്ല

ശിപാർശ

3452-80-800-35—ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി-വ്യാപനകേന്ദ്രങ്ങൾ

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും അനുബന്ധ വ്യാപന കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക, ട്രെയിനിംഗ് ചെലവ്, ഗ്രാറ്റുവിറ്റി, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ അത്യന്താപേക്ഷിതമായ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം ഈ ഇനത്തിൽ അധികമായി തുകകൾ അനുവദിച്ചിരുന്നില്ല

ശിപാർശ

3452-80-800-88-02—ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ-വേതനം

05-3—ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

തിരുവനന്തപുരത്തുള്ള ടൂറിസം ഡയറക്ടറുടെ ഓഫീസിലും വിവിധ റെയിൽവേ സ്റ്റേഷനുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് വിമാനത്താവളങ്ങളിലും കേരളത്തിനുപുറത്ത് ഡൽഹി, മുംബൈ, ചെന്നൈ, ഗോവ, കൽക്കട്ട, മൈസൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും ടെലഫോൺ ചെലവിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ വേതന ഇനത്തിൽ 7 ലക്ഷം രൂപയും ടെലഫോൺ ചെലവിനത്തിൽ 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം ഈ ഇനത്തിൽ അധികമായി തുകകൾ അനുവദിച്ചിരുന്നില്ല.

ശിപാർശ

വിനോദസഞ്ചാരികൾക്ക് നിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിരോധിക്കുന്നതിനുമായി, ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന ടൂറിസം റഗുലേറ്ററി അതോറിറ്റി രൂപീകരി ക്കുന്നതിന് നിലവിൽ ശീർഷകം അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ പദ്ധതിയ്ക്കായി ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷത്തിൽ ടി ആവശ്യത്തിനായി ശീർഷകമോ തുകയോ അനുവദിച്ചിരുന്നില്ല.

ശിപാർശ

2018-19 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്ന ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് നിലവിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷത്തിൽ ടി ആവശ്യത്തിനായി ശീർഷകമോ തുകയോ അനുവദിച്ചിരുന്നില്ല.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 ജൂൺ 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.